**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2392** **16-03-2022 - ൽ മറുപടിയ്ക്ക്**

**ലോറികൾ വാങ്ങാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ 70 ലോറികൾ വാങ്ങാൻ തീരുമാനമെടുത്തിട്ടുണ്ടോയെന്നും പ്രസ്തുത തീരുമാനമെടുത്തത് ലോറികളുടെ വില നിശ്ചയിച്ചശേഷമാണോ എന്നും വ്യക്തമാക്കാമോ; | (എ) | എ) കോർപ്പറേഷന്റെ 240-ാംമത് ബോർഡ് യോഗത്തിൽ കോർപ്പറേഷന്റെ ആവശ്യങ്ങൾക്ക് 70 ലോറികൾ സ്വന്തമായി വാങ്ങുകയോ കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്നതിനോ ഉള്ള തീരുമാനം കൈകൊണ്ടിട്ടുള്ളതാണ്. വാങ്ങുകയാണെങ്കിൽ ഉണ്ടാകുന്ന ചിലവ് കണക്കാക്കിയപ്പോൾ വാഹനത്തിന്റെ വിലയും കണക്കാക്കിയിരുന്നു. |
| (ബി) | ഇത്തരമൊരു തീരുമാനം നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോർപ്പറേഷനെ കൂടുതൽ നഷ്ടത്തിലേക്ക് നയിക്കും എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ബി) കണക്കുകൾ പരിശോധിച്ചതിൽ നിന്നും ലോറികൾ സ്വന്തമായി വാങ്ങുന്നത് കോർപ്പറേഷന് ലാഭകരമാണെന്ന് കണ്ടെത്തിയിരുന്നു. |
| (സി) | ഇത്തരത്തിൽ തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് വാഹനങ്ങളുടെ പരിപാലന ചെലവ് ഉൾപ്പെടെയുള്ളവ പരിശോധിച്ച ശേഷമാണോയെന്ന് വ്യക്തമാക്കുമോ? | (സി) | സി) പരിപാലന ചിലവ് ഉൾപ്പെടെയുള്ള ചിലവുകൾ പരിഗണിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ